പ്രസ്സ് റിലീസ്

# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ


**www.rbi.org.in**
**email : helpdoc@rbi.org.in**

**വാർത്താവിനിമയ വിഭാഗം**
സെൻട്രൽ ഓഫീസ്, എസ്. ബി. എസ്. മാർഗ്, മുംബൈ - 400001
ഫോൺ : 91 22 2266 0502 ഫാക്സ് : 91 22 22660358


മെയ് 09, 2016

## ആര്. ബി. ഐ. 'R' എന്ന അക്ഷരം ഉള്ച്ചേര്ന്ന ₹1000 ബാങ്ക് നോട്ടുകള് പുറപ്പെടുവിക്കുന്നു.

റിസര്വ് ബാങ്ക് ഓഫ് ഇന്ഡ്യ, താമസിയാതെ, മഹാത്മാഗാന്ധി സിരീസ് 2005-ല് രണ്ടു നമ്പര് പാനലുകളിലും 'R' എന്ന അക്ഷരം ഉള്ച്ചേര്ന്ന, ₹1000 വിഭാഗത്തില് ബാങ്ക് നോട്ടുകള് പുറപ്പെടുവിക്കുന്നു. ഈ ബാങ്ക് നോട്ടുകളുടെ മുഖവശത്ത്, എല്ലാ സുരക്ഷാ ഫീച്ചറുകളും, വലുപ്പം കൂടിവരുന്ന അക്കങ്ങളും, ബ്ലീഡ് ലൈന്സ്, വലുതാക്കിയ തിരിച്ചറിവടയാളങ്ങള്, റിസര്വ് ബാങ്ക് ഓഫ് ഇന്ഡ്യ ഗവര്ണര് ഡോ. രഘുറാം രാജന്റെ കയ്യൊപ്പ് എന്നിവയുമുണ്ടാവും. ഈ ബാങ്ക് നോട്ടുകളുടെ മറുവശത്ത്, അച്ചടിച്ചവര്ഷമായ 2016 എന്ന് അച്ചടിച്ചിട്ടുണ്ട്.

ഇതിനു മുമ്പ് പുറപ്പെടുവിച്ചിട്ടുള്ള മഹാത്മാഗാന്ധി സീരിസ് 2005 - ലെ ₹1000 വിഭാഗത്തിലെ ബാങ്ക് നോട്ടുകളില് കാണാവുന്ന എല്ലാ ലക്ഷണങ്ങളും, ഈ ബാങ്ക് നോട്ടുകളിലും കാണാം.

₹1000 വിഭാഗത്തില് റിസര്വ് ബാങ്ക് ഇതിനുമുമ്പ് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ബാങ്ക് നോട്ടുകളും, നമ്പര് പാനലുകളില് വലിപ്പം കൂടിവരുന്ന അക്കങ്ങളുള്ളവയും എന്നാല് ബ്ലീഡ്ലൈന്സും, വലുതാക്കിയ തിരിച്ചറിവടയാളം ഇല്ലാത്തതുമായ ബാങ്ക് നോട്ടുകള് ഉള്പ്പെടെ, നിയമപരമായി വിനിമയ യോഗ്യമായി തുടരും.

**അജിത് പ്രസാദ്**
അസിസ്റ്റന്റ് അഡ്വൈസര്

**പ്രസ്സ് റിലീസ് 2015-2016/2611**